"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീ ജോയ്സ് അബ്രഹാം -ന് സേവനത്തിൽ നിന്നും സ്വയം വിരമിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

കൃഷി (ഇഎ) വകുപ്പ്

സ.ഉ.(സാധാ) നം.1070/2023/AGRI തീയതി,തിരുവനന്തപുരം, 06-11-2023

---

പരാമർശം:-

1. സർക്കുലർ നം : 03/2014/ധന, തീയതി 10/01/2014
2. സർക്കുലർ നം : 29/2010/ധന, തീയതി 25/03/2010
3. 04/05/2019 ലെ സ.ഉ (അച്ചടി) നം.55/2019/ധന
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ) യുടെ 26/09/2023 ലെ GE30/D/Agri/J-29/372 നമ്പർ കത്ത്.
5. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 27/10/2023 ലെ ADFW/9039/2023-SB4 നമ്പർ കത്ത്.

**ഉത്തരവ്**

കാർഷിക വികസന കർ,ക ക്ഷേമ വകുപ്പിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ ജോയ്സ് അബ്രഹാം -ന് 01/11/2023 തീയതി പ്രാബല്യത്തിൽ സേവനത്തിൽ നിന്നും സ്വയം വിരമിക്കുന്നതിനുള്ള അനുമതി നൽകുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം(5) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. ടിയാൾക്കെതിരെ അച്ചടക്ക നടപടികളോ വിജിലൻസ് കേസുകളോ നിലവിലില്ലെന്നും കൃഷി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൃഷി അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരവേ 24/07/2023 മുതൽ 31/10/2023 വരെ അവധിയിൽ പ്രവേശിച്ചു എന്ന ഡയറക്ടറുടെ റിപ്പോർട്ടിന്റെയും , ടി ഓഫീസർക്ക് സ്വമേധയാ സേവനത്തിൽ നിന്നും വിരമിക്കുന്നതിന് ആവശ്യമായ സർവ്വീസ് ഉണ്ടെന്നുള്ള അക്കൗണ്ടന്റ് ജനറലിന്റെ സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ പരാമർശം (1) മുതൽ (3) വരെ സർക്കുലർ/ഉത്തരവുകൾക്ക് വിധേയമായി ശ്രീ ജോയ്സ് അബ്രഹാം ന് 01/11/2023 മുതൽ സേവനത്തിൽ നിന്നും സ്വയം വിരമിക്കുന്നതിനുള്ള (വി.ആർ.എസ്) അനുമതി നൽകി ഉത്തരവാകുന്നു.

3) ഇതു സംബന്ധിച്ച തുടർ നടപടികൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതും ശ്രീ ജോയ്സ് അബ്രഹാം -ന്റെ സേവന പുസ്തകത്തിൽ ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

VALSALA S D

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ശ്രീ ജോയ്സ് അബ്രഹാം (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി (കൃഷി-ഇഎ1/196/2023-കൃഷി)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ